		രൂപ
1.	ശ്രീ. ഇ. കെ. നായനാർ (ബഹു: മുഖ്യമന്ത്രി)	58495
2.	ശ്രീമതി സുശീലാ ഗോപാലൻ (ബഹു: വ്യവസായ വകുപ്പുമന്ത്രി)	105231
3.	ശ്രീ. ടി. ശിവദാസമേനോൻ (ബഹു: ധനകാര്യ വകുപ്പുമന്ത്രി)	211013
4.	ശ്രീ. റ്റി. കെ. രാമകൃഷ്ണൻ (ബഹു: ഫിഷറീസ്/ഗ്രാമ വികസന വകുപ്പുമന്ത്രി)	137079
5.	ശ്രീ. കെ. രാധാകൃഷ്ണൻ (ബഹു: പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി)	28007
6.	ശ്രീ. ബേബി ജോൺ (മുൻ തൊഴിൽ/ ജലസേചന വകുപ്പുമന്ത്രി)	835840
7.	ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ (ബഹു: ഭക്ഷ്യ, വകുപ്പുമന്ത്രി)	24874
8.	ശ്രീ. വി. പി. രാമകൃഷ്ണപിള്ള (ബഹു: തൊഴിൽ/ജലസേചന വകുപ്പുമന്ത്രി)	23361
9.	ശ്രീ. പി. ആർ. കുറുപ്പ് (മുൻ വനം/ ഗതാഗത വകുപ്പുമന്ത്രി)	38318
10.	ശ്രീ. എ. സി. ഷൺമുഖദാസ് (മുൻ ആരോഗ്യ വകുപ്പുമന്ത്രി)	5942
11.	ശ്രീ. എ. നീലലോഹിതദാസൻ നാടാർ (മുൻ വനം/ഗതാഗത വകുപ്പുമന്ത്രി)	7038

മന്ത്രിമാരുടെ ഔദ്യോഗികവസതി മോടിപ്പിടിപ്പിക്കുന്നതിന് നേരിട്ട ചെലവ്

24(24) ശ്രീ. കെ സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയുടെയും ഔദ്യോഗിക വസതി മോടിപ്പിടിപ്പിക്കുന്നതിന് ഇതുവരെ എന്തുതുക വീതം ചെലവ് വന്നിട്ടുണ്ട് ;

(ബി) ഓരോ മന്ത്രി മന്ദിരത്തിന്റെയും പരിസരങ്ങളിൽ ഉള്ള പൂന്തോട്ടത്തിന്റെ പരിരക്ഷയ്ക്കു വേണ്ടി ഇതുവരെ എന്തുതുക ചെലവായിട്ടുണ്ട് ;

(സി) ഓരോ മന്ത്രി മന്ദിരങ്ങളുടെയും കോംപൗണ്ട് മെച്ചപ്പെടുത്തുന്നതിന് ഇതുവരെ എന്തുതുക വീതം ചെലവായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അത്യാവശ്യം വേണ്ടി വന്ന ഫർണിച്ചർ, വീട്ടുപകരണങ്ങൾ, കർട്ടൻ, കട്ട്ലറി, ക്രോക്കറി, വൈദ്യുതോപകരണങ്ങൾ, കയറുല്പന്നങ്ങൾ മുതലായവ വാങ്ങി നൽകിയ ഇനത്തിലും, വിവിധ ഉപകരണങ്ങൾ അറ്റകുറ്റപ്പണി നടത്തിയ ഇനത്തിലും ചെലവായ തുകയുടെ വിവരം അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്†.

(ബി) തോട്ടക്കാരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ ഒഴികെ പൂന്തോട്ട സംരക്ഷണത്തിന് ചെലവായിട്ടുള്ള തുകയുടെ വിവരം അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട്†.

(സി) വിവരം ശേഖരിച്ച് വരുന്നു.

മന്ത്രിമാരും ചീഫ് വിപ്പും വാങ്ങിയ ടി.എ., ഡി.എ.

25(25) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1999 ഡിസംബർ 31 വരെ ഓരോ മന്ത്രിമാരും ചീഫ് വിപ്പും വാങ്ങിയ ടി.എ., ഡി.എ. എത്ര ;

(ബി) 1999 ഡിസംബർ 31 വരെ ടെലഫോൺ ചാർജ്ജ് ഇനത്തിൽ എന്തുതുക ചെലവഴിച്ചു ;

(സി) എത്ര മന്ത്രിമാർ വിദേശയാത്ര ചെയ്തു ;

(ഡി) ഈ ഇനത്തിൽ എന്തു തുക ചെലവഴിച്ചു ;

(ഇ) വിരുന്നുസൽക്കാരത്തിന് എന്തു തുക ഉപയോഗിച്ചു എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അനുബന്ധം-1-ൽ ചേർത്തിരിക്കുന്നു†.

(ബി) 1999 ഡിസംബർ 31 വരെ മന്ത്രിമാർക്ക് ടെലഫോൺ ചാർജ്ജ് ഇനത്തിൽ 3,40,80,602 രൂപ (മൂന്നു കോടി നാല്പതുലക്ഷത്തി എൺപതിനായിരത്തി അറുനൂറ്റിരണ്ടു രൂപ മാത്രം) ചെലവായിട്ടുണ്ട്.

(സി) ആകെ 11 മന്ത്രിമാർ വിദേശയാത്ര ചെയ്തിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) വിരുന്നുസൽക്കാരത്തിനായി മന്ത്രിമാർ 1999 ഡിസംബർ 31 വരെ താൽക്കാലിക കണക്കുപ്രകാരം 40,39,870 രൂപ (നാല്പതു ലക്ഷത്തി മുപ്പത്തിയൊൺപതിനായിരത്തിഎണ്ണൂറ്റി എഴുപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

---

† അനുബന്ധം IX
† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 24(24) ദയവായി കാണുക]

	ഔദ്യോഗിക വസതിയുടെ പേര്		ചെലവായിട്ടുള്ള തുക
1.	ക്ലിഫ് ഹൗസ്	-	7,33,480 രൂപ
2.	കവടിയാർ ഹൗസ്+അനുഗ്രഹ	-	3,52,970 രൂപ
3.	അശോക ബംഗ്ലാവ്	-	3,11,789 രൂപ
4.	സാനഡു	-	2,17,734 രൂപ
5.	റോസ് ഹൗസ്	-	3,89,637 രൂപ
6.	ലിൻഡസ്റ്റ്	-	6,56,511 രൂപ
7.	നെസ്റ്റ്	-	3,46,164 രൂപ
8.	പ്രശാന്ത്	-	2,22,720 രൂപ
9.	എസ്ൻറ്റേൽ	-	2,33,707 രൂപ
10.	മൻമോഹൻ ബംഗ്ലാവ്	-	7,20,011 രൂപ
11.	ഉഷസ്സ്	-	2,05,830 രൂപ
12.	അജന്ത	-	3,31,948 രൂപ
13.	തൈക്കാട് ഹൗസ്	-	4,04,349 രൂപ
14.	പൗർണ്ണമി	-	3,11,015 രൂപ

അനുബന്ധം IX(b)

(പുന്തോട്ടം)

	ഔദ്യോഗിക വസതിയുടെ പേര്		ചെലവായിട്ടുള്ള തുക
1.	ക്ലിഫ് ഹൗസ്	-	6,528 രൂപ
2.	കവടിയാർ ഹൗസ്+അനുഗ്രഹ	-	1,161 രൂപ
3.	അശോക ബംഗ്ലാവ്	-	4,853 രൂപ
4.	സാനഡു	-	3,204 രൂപ
5.	റോസ് ഹൗസ്	-	10,012 രൂപ
6.	ലിൻഡസ്റ്റ്	-	5,216 രൂപ
7.	നെസ്റ്റ്	-	2,600 രൂപ
8.	പ്രശാന്ത്	-	4,285 രൂപ
9.	എസ്ൻറ്റേൽ	-	4,502 രൂപ
10.	മൻമോഹൻ ബംഗ്ലാവ്	-	7,898 രൂപ
11.	ഉഷസ്സ്	-	2,363 രൂപ
12.	അജന്ത	-	1,150 രൂപ
13.	തൈക്കാട് ഹൗസ്	-	2,419 രൂപ
14.	പൗർണ്ണമി	-	1,699 രൂപ

LIBRARY ARCHIVES Kerala Legislative Assembly